**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1029** **27-07-2021 - ൽ മറുപടിയ്ക്ക്**

**കഴിഞ്ഞ അഞ്ച് വർഷത്തെ നെൽകൃഷിയുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷമായി എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉണ്ടായിരുന്നത്; വർഷം തിരിച്ച് വ്യക്തമാക്കാമോ; | (എ) | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തെ നെൽകൃഷി സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു : |
| (ബി) | ഓരോ വർഷവും നെല്ല് സംഭരണം നടത്തിയതിന്റെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | 2016 മുതൽ സപ്ലൈകോ വഴി സംഭരിച്ച നെല്ലിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു : |
| (സി) | പൊതു - സഹകരണമേഖലയിൽ എത്ര റൈസ് മില്ലുകൾ വീതമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഒരു മില്ലും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു മില്ലും ഉൾപ്പെടെ ആകെ 2 മില്ലുകളാണ് പൊതുസഹകരണ മേഖലയിൽ നിന്ന് സപ്ലൈകോയുമായി കരാർ ഒപ്പ് വച്ചിട്ടുള്ളത്. |
| (ഡി) | സ്വകാര്യ മില്ലുകളെ മാത്രമാശ്രയിച്ച് നെല്ല് സംഭരണം നടത്തുന്നതുമൂലം നെൽകർഷകർ ചൂഷണത്തിന് ഇരയാകുകയും ന്യായമായ വില കിട്ടാതെ പോകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാര മാനദണ്ഡം അടിസ്ഥാനമാക്കി പൂർണ്ണമായും സപ്ലൈകോയുടെ മേൽനോട്ട ത്തിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യമില്ലുകൾ നെല്ല് സംഭരിക്കുന്നത്. ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ബുദ്ധിമുട്ടുകളില്ലാതെതന്നെ നിലവിൽ സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംഭരിക്കുന്ന നെല്ലിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വില കൃത്യമായിതന്നെ നൽകി വരുന്നുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഓരോ മേഖലകളിലും പാഡി മാർക്കറ്റിംഗ് ഓഫീസറെ (പി.എം.ഒ) നിയോഗിച്ചിട്ടുണ്ട്. നെല്ല് സംഭരണ പ്രക്രിയയിൽ കർഷകന് സർക്കാർ നിശ്ചയിച്ച ന്യായമായ വില കിട്ടാത്ത അഥവാ അതിൽ കുറവ് കിട്ടുന്ന സ്ഥിതി നാളിതുവരെ ഉണ്ടായിട്ടില്ല. |
| (ഇ) | ഇതിന് പരിഹാരമെന്നോണം ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സർക്കാർ | (ഇ) | തകഴി മോഡേൺ റൈസ് മില്ലിന് 1999-ൽ ഭരണാനുമതി ലഭിക്കുകയും 2000-ൽ |

| | | | |
|---|---|---|---|
| | ഉടമസ്ഥതയിലുള്ള റൈസ് മില്ലിന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ; | | ശിലാസ്ഥാപനം നടത്തുകയും ചെയ്തു. സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേ ഷന്റെ 1 ഏക്കർ 62 സെന്റ് സ്ഥലത്താണ് റൈസ് മില്ല് സ്ഥാപിച്ചിരിക്കുന്നത്. സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനാണ് മില്ല് സ്ഥാപിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചത്. കൃഷി വകുപ്പ് സംസ്ഥാന വെയർ ഹൗസിങ്ങ് കോർപ്പറേഷന് തകഴി, ആലത്തൂർ എന്നീ സ്ഥലങ്ങളിൽ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് 25 ലക്ഷം ഷെയർ ക്യാപിറ്റൽ ഉൾപ്പെടെ നൽകിയ 3.76 കോടി രൂപയിൽ തകഴി മോഡേൺ റൈസ് മില്ലിനായി 58.08 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. മില്ലിനായി കെട്ടിടത്തി ന്റെ പണി 2002 ൽ പൂർത്തിയാക്കിയെങ്കിലും മറ്റു പ്രവർത്തനങ്ങളിൽ പുരോഗതി ഉണ്ടായില്ല. |
| (എഫ്) | ഇത് പരിഹരിച്ച് റൈസ് മില്ല് സ്ഥാപിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (എഫ്) | റൈസ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു ഇനിയും 500 ലക്ഷം രൂപ ആവശ്യമാണെന്ന് വെയർ ഹൗസിങ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തെ നെൽകൃഷി സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :**

| **വർഷം** | **വിസ്തൃതി (ഹെക്ടർ)** |
|---|---|
| 2016-17 | 171398 |
| 2017-18 | 194235 |
| 2018-19 | 202907 |
| 2019-20 | 198180 |
| 2020-21 | 200809 |

**സെക്ഷൻ ഓഫീസർ**

**2016 മുതൽ സപ്ലൈകോ വഴി സംഭരിച്ച നെല്ലിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :**

| **വർഷം** | **നെല്ലിന്റെ അളവ് (ലക്ഷം മെട്രിക് ടണ്ണിൽ)** |
|---|---|
| 2016 | 5.86 |
| 2017 | 4.3 |
| 2018 | 4.34 |
| 2019 | 7.75 |
| 2020 | 7.14 |
| 2021 ജൂൺ 30 വരെ | 5.94 |

**സെക്ഷൻ ഓഫീസർ**